പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 350    10.06.2014-ൽ മറുപടിയ്ക്ക്

## ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ ബദൽ മാർഗ്ഗങ്ങൾ

ചോദ്യം

ശ്രീ. പി. സി. ജോർജ്ജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) വൈദ്യുതി നിരക്കിൽ വർദ്ധനവ് വരുത്തണമെന്ന് ആവശ്യപ്പെട്ട് കെ. എസ്. ഇ. ബി വൈദ്യുതി റെഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകിയിട്ടുണ്ടോ ; എങ്കിൽ എപ്രകാരമുള്ള വർദ്ധനവാണ് ബോർഡ് ലക്ഷ്യമിടുന്നത് ; വ്യക്തമാക്കുമോ ;

(എ) ഉണ്ട്. സംസ്ഥാന വൈദ്യുതി ബോർഡ് 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് ഏകദേശം 1423.63 കോടി രൂപ സമാഹരിക്കുന്നതിനു വേണ്ടിയുള്ള താരഫ് പരിഷ്കരണ നിർദ്ദേശങ്ങൾ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ബോർഡ് സമർപ്പിച്ച താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി കൊടുത്തിരിക്കുന്നു. പ്രസ്തുത അപേക്ഷയിന്മേൽ കമ്മീഷൻ തീരുമാനമെടുത്തിട്ടില്ല.

(ബി) ബോർഡ് നിരക്കുവർദ്ധന ആവശ്യപ്പെടാൻ കാരണം എന്താണ് ; വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് വൈദ്യുതി ആവശ്യകത പ്രതിവർഷം ഏകദേശം 7 മുതൽ 8 ശതമാനം വരെ വർദ്ധിക്കുന്നുണ്ട്. എന്നാൽ പാരിസ്ഥിതിക കാരണങ്ങളാൽ പുതിയ ജലവൈദ്യുത പദ്ധതികൾ തുടങ്ങാൻ സാധിക്കാത്തതു കൊണ്ടും സംസ്ഥാനത്ത് കൽക്കരി, ലിഗ്നൈറ്റ് തുടങ്ങിയ ഇന്ധനങ്ങൾ ലഭ്യമല്ലാത്തതു കൊണ്ടും, സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ഊർജ്ജ ആവശ്യകത പരിഹരിക്കുന്നത്, സംസ്ഥാനത്തിന്റെ പുറത്തു നിന്നും വ്യാപാരികൾ വഴിയും, വൈദ്യുതി ഉല്പാദകർ വഴിയും കൂടുതൽ വിലയ്ക്ക് വൈദ്യുതി വാങ്ങിയും. കൂടാതെ സംസ്ഥാനത്തിന് അകത്തുള്ള ദ്രവ ഇന്ധന നിലയങ്ങളിൽ നിന്നു കൂടിയ വിലയുള്ള വൈദ്യുതി ഉൽപാദിപ്പിച്ചുമാണ് ടി കാരണത്താൽ വൈദ്യുതി ഉല്പാദന, വാങ്ങൽ ചെലവിൽ വർഷം തോറും ഗണ്യമായ വർദ്ധനവുണ്ടാകുന്നുണ്ട്. 2006-07 —ൽ

വൈദ്യുതി വാങ്ങുന്നതിനുള്ള ചെലവ് യൂണിറ്റിന് 2 രൂപ 8 പൈസയാണ് ആയിരുന്നതെങ്കിൽ 2013-14 —ൽ ഇത് 4 രൂപ 36 പൈസയായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഈ വർദ്ധനയ്ക്ക് അനുസരിച്ച് താരിഫ് വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല.

കൂടാതെ പണപ്പെരുപ്പം കാരണവും, സാധനസാമഗ്രികളിലുണ്ടായ വർദ്ധനവ് കാരണവും, ജീവനക്കാരുടെ ശമ്പളം, ഭരണച്ചെലവുകൾ, തേയ്മാനച്ചെലവുകൾ തുടങ്ങിയവയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2006-07 —ൽ ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിൽ എത്തിയ്ക്കുമ്പോൾ വേണ്ടി വരുന്ന ചെലവ് 3 രൂപ 30 പൈസയോളമായിരുന്നുവെങ്കിൽ മേൽപറഞ്ഞ കാരണങ്ങളാൽ 2014-15 വർഷത്തേയ്ക്ക് അത് ശരാശരി 6 രൂപ 27 പൈസ ആയി വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്. ഇതുകൂടാതെ 2012-13 -ൽ മൺസൂൺ മഴയിലുണ്ടായ കുറവു കാരണം ജലവൈദ്യുതോല്പാദനത്തിലുണ്ടായ കുറവും, കേന്ദ്രവിഹിത- ത്തിനുണ്ടായ കുറവും കാരണം ഏകദേശം 2500 ദശലക്ഷം യൂണിറ്റിലധികം വൈദ്യുതി കൂടിയ വിലയ്ക്ക് ദ്രവ ഇന്ധന നിലയങ്ങളിൽ നിന്നും വാങ്ങിക്കേണ്ടതായി വന്നു. അതുവഴി ബോർഡിന് 2550 കോടിയിലധികം രൂപയുടെ അധിക ബാധ്യത ഉണ്ടായിട്ടുണ്ട്. ടി തുക ഇന്ധനസർചാർജ്ജിൽ കൂടി നികത്തുന്നതിന് കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ച ചട്ടങ്ങൾ അനുവദിക്കുന്നുണ്ടെങ്കിലും ടി നടപടി വഴി ശരാശരി ഒരു രൂപയിലധികം ഉപഭോക്താവിന് അധിക ബാദ്ധ്യതയുണ്ടാകുന്നതിനാൽ ബോർഡ് ഇന്ധനസർചാർജ്ജിന് ശുപാർശ ചെയ്യുകയുണ്ടായില്ല. എന്നാൽ ബോർഡിനുണ്ടായ വരുമാനകമ്മി നികത്തുന്നതിന് 3000 കോടിയിലധികം രൂപ ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ

സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുണ്ട്. ടി ബാധ്യത വഴി പലിശയിനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മേൽപറഞ്ഞ കാരണങ്ങളാൽ 2014-15 വർഷത്തേയ്ക്ക് ബോർഡിന്റെ പ്രതീക്ഷിക്കുന്ന കമ്മി 2931.21 കോടി രൂപയാണ്. ഇതിൽ 1423.63 കോടി രൂപ മാത്രമാണ് താരിഫ് വർദ്ധനയിലൂടെ സമാഹരിക്കുന്നതിന് ബോർഡ് ലക്ഷ്യമിടുന്നത്.

(സി) നിരക്കുവർദ്ധന ഒഴിവാക്കി, സംസ്ഥാനത്തു നിലനിൽക്കുന്ന വൈദ്യുതി ലഭ്യതയുടെ കുറവു പരിഹരിക്കുന്നതിന് സൗരവൈദ്യുതി അടക്കമുള്ള ബദൽ മാർഗ്ഗങ്ങൾയുപയുക്തമാക്കാൻ അടിയന്തിരമായി പദ്ധതി ആവിഷ്ക്കരിക്കുമോ ?

(സി) സംസ്ഥാനത്ത് സൌരോർജ്ജ പദ്ധതികളിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന ഗവൺമെന്റും, സംസ്ഥാന റഗുലേറ്ററി കമ്മീഷനും,വൈദ്യുതി ബോർഡും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സംസ്ഥാന ഗവൺമെന്റ് 25.11.2013 -ൽ സംസ്ഥാനത്ത് സോളാർ എനർജി പോളിസി അംഗീകരിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ടി വിജ്ഞാപനപ്രകാരം സംസ്ഥാനത്ത് 2017 വർഷത്തിലേയ്ക്ക് 500 മെഗാവാട്ട് വൈദ്യുതിയും 2030 വർഷത്തിലേയ്ക്ക് 2500 മെഗാവാട്ട് വൈദ്യുതിയും . സൌരോർജ്ജ പദ്ധതികളിൽ നിന്ന് ഉത്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ സംസ്ഥാനത്ത് സൌരോർജ്ജ പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 24.01.2014 -ൽ കരട് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**